## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 6583

21.11.2019 ൽ
മറുപടിയ്ക്ക്

### ലാന്റ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. പി.ടി.എ. റഹീം
ശ്രീ. വി. ജോയി

**മറുപടി**

ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിവിധ ലാന്റ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടിക്രമം ലളിതമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എ) ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കേസുകൾ അതിവേഗം തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള തീവ്രമായ നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി വലിയ തോതിൽ കേസുകൾ ലാൻഡ് ട്രൈബ്യൂണലിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>നടപടികൾ ഒറ്റനോട്ടത്തിൽ</u>

1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.
2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.
3. ലാൻഡ് ട്രൈബ്യൂണൽ ജിവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

4.1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5.ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6.ലാൻഡ് ട്രൈബ്യൂണൽ കേസുകൾ, കാണം കേസുകൾ, സർവ്വീസ് ഇനാം കേസുകൾ തുടങ്ങിയ കുടിയായ്മ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി നിയമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കി അവയെ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജന്മിമാർക്ക് നോട്ടീസ് നടത്തുന്നതിലെ സങ്കീർണത ഇതിലൂടെ ഒഴിവാക്കാൻ കഴിഞ്ഞു. ഈ നടപടികളിലൂടെയാണ് പട്ടയം വിതരണം കാര്യക്ഷമമാക്കാൻ കഴിഞ്ഞത്.

7.കേരളത്തിലുണ്ടായിരുന്ന 300 ഓളം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചിട്ടുണ്ട്. 7 ജില്ലകളിൽ ഒന്നാം ഘട്ട ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയ പകർപ്പുകൾ വെബ് സൈറ്റിലൂടെ ലഭ്യമാകും.

8.കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് നടത്തിവരുന്നു.

(ബി) ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ സ്പെഷ്യൽ ട്രൈബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ 6 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ രൂപീകരിച്ചു.

തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ രണ്ട് വർഷത്തിനകം തീർപ്പാക്കണം എന്ന കർമ്മ പരിപാടിയുടെ ഭാഗമായി 6 പുതിയ ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ -1 കുന്നംകുളം എൽ.റ്റി
2.ഇരിങ്ങാലക്കുട എൽ.റ്റി
പാലക്കാട് - 3. പട്ടാമ്പി എൽ.റ്റി
കോഴിക്കോട്- 4. വടകര എൽ.റ്റി
മലപ്പുറം - 5. തിരൂരങ്ങാടി എൽ.റ്റി
കണ്ണൂർ - 6. ഇരിട്ടി എൽ.റ്റി

<u>അധിക ചുമതല നൽകിയ സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ</u>

തൃശ്ശൂർ - 1.തഹസിൽദാർ (ആർ.ആർ) തൃശ്ശൂർ
2.പുഞ്ച സ്പെഷ്യൽ ഓഫീസർ, തൃശ്ശൂർ
3.സ്പെഷ്യൽ തഹസൽദാർ (എൽ.എ) തൃശ്ശൂർ കോർപ്പറേഷൻ
പാലക്കാട് - 4.തഹസിൽദാർ (ആർ.ആർ) പാലക്കാട്.
5.എൽ.എ ജനറൽ നം.1, പാലക്കാട്
6.എൽ.എ ജനറൽ നമ്പർ 2, പാലക്കാട്
7.പി.എ.ആർ (ഇറിഗേഷൻ) പാലക്കാട്.
മലപ്പുറം - 8.എൽ.എ ജനറൽ, മലപ്പുറം
9.എൽ.എ ജനറൽ, തിരൂർ
10.എൽ.എ എയർപോർട്ട്, കരിപ്പൂർ
കോഴിക്കോട് - 11.കോഴിക്കോട് എൽഎ
12.കൊയിലാണ്ടി എൽ.എ
13.ആർ.ആർ കോഴിക്കോട്
കണ്ണൂർ - 14.ആർ.ആർ.തലശ്ശേരി
15.എ.എസ്.എൽ ഓഫീസ്, കണ്ണൂർ

ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ

ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി) ലാന്റ് ട്രൈബ്യൂണൽ മുഖേനയുള്ള പട്ടയങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിന്റെ കാലാവധി ഈ സർക്കാർ നീട്ടി നൽകിയിട്ടുണ്ടോ;

(സി) 1963 ലെ ഭൂപരിഷ്കരണ നിയമ പ്രകാരം കുടിയായ്മ, കുടികിടപ്പ് എന്നീ ഇനങ്ങളിൽ 01.04.1964 ന് മുമ്പ് ജന്മി-കുടിയാന്മാർ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് കൃഷിചെയ്തു വന്നിരുന്ന കൾട്ടിവേറ്റിംഗ് ടെനന്റിന് ഭൂമിക്ക് മേൽ ക്രയസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ലാൻഡ് ട്രൈബ്യൂണലുകളെ സമീപിക്കാവുന്നതാണ്. കുടികിടപ്പ് അപേക്ഷകൾക്ക് ഏതു സമയവും അപേക്ഷ നൽകാവുന്നതാണ്. കുടിയായ്മക്കാർക്ക് അപേക്ഷിക്കാനുള്ള സമയപരിധി നിയമം നിലവിൽ വന്ന് രണ്ട് വർഷത്തിനകമായിരുന്നു. എന്നാൽ ഈ സമയപരിധി അതാത് കാലം സർക്കാർ ദീർഘിപ്പിച്ചു നൽകാറുണ്ട്. ആയതുകൊണ്ട് തന്നെ ഇത്തരക്കാർക്കും അപേക്ഷ സമർപ്പിക്കുന്നതിന് യാതൊരു തടസ്സവും നിലവിൽ ഇല്ല. ഇത്തരത്തിലുള്ള അപേക്ഷകൾ സ്വീകരിക്കണമെന്ന് സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്ന് എല്ലാ ട്രൈബ്യൂണലുകളെയും അറിയിച്ചിട്ടുണ്ട്.

(ഡി) ലാന്റ് ട്രൈബ്യൂണൽ വഴി കാണം ടെനൻസി അബോളിഷൻ ആക്റ്റ് മുഖേന കുടിയാന്മാർക്ക് ലഭിക്കുന്ന കാണം പട്ടയങ്ങൾ സംബന്ധിച്ച് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശം നൽകുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം ബാധകമായ തൃശ്ശൂർ, എറണാകുളം, പാലക്കാട് (ചില താലൂക്കുകൾ) ജില്ലകളിൽ 32000 ൽപരം കാണം കുടിയാന്മാർക്ക് പട്ടയം ഇല്ലാത്ത സ്ഥിതിവിശേഷം ഉണ്ടായിരുന്നു. ഈ പ്രദേശങ്ങളിലെ കാണം കുടിയാന്മാർക്ക് അവരുടെ കൈവശ ഭൂമിയിൻമേൽ

പൂർണ്ണമായി ഉടമസ്ഥാവകാശം ടി നിയമം തന്നെ നൽകിയിട്ടുണ്ടെന്നും ആയതിനാൽ പ്രത്യേകം ക്രയസർട്ടിഫിക്കറ്റ് വാങ്ങേണ്ടതില്ലെന്നും വിശദമാക്കി സ്പഷ്ടീകരണം നൽകുകയുണ്ടായി. കൂടാതെ ഈ പ്രശ്നം പരിഹരിക്കുന്നതിൽ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങളും നൽകുകയുണ്ടായി. ഈ നടപടികൾ സ്വീകരിച്ചതിലൂടെ ഈ പ്രദേശങ്ങളിലെ 32000 കേസുകളും പൂർണ്ണമായി പരിഹരിക്കുകയുണ്ടായി.

Nizam

സെക്ഷൻ ഓഫീസർ